**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1583 | 14-12-2012 - ലെ മറുപടിയ്ക്ക്

# പച്ചത്തേങ്ങ സംഭരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എം. ചന്ദ്രൻ | | ശ്രീ. കെ.പി.മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) | പച്ചത്തേങ്ങ സംഭരണം ഇപ്പോൾ സംസ്ഥാനത്ത് എത്ര സംഘങ്ങളിലാണ് നടന്നുവരുന്നത്; വിശദമാക്കുമോ; | (എ) | കേരഫെഡ് മുഖാന്തിരം സംഭരണം നടത്തുന്നതിൽ 18 സഹകരണ സംഘങ്ങളും 43 നാളികേര ഉത്പാദക സംഘങ്ങളും സംസ്ഥാനത്ത് ഇപ്പോൾ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിൽ പച്ചത്തേങ്ങ സംഭരിക്കുന്നു. മാർക്കറ്റ്ഫെഡ് മുഖേന 23 സംഘങ്ങളിലാണ് പച്ചത്തേങ്ങ സംഭരണം നടന്നു വരുന്നത്. |
| (ബി) | പാലക്കാട് ജില്ലയിൽ പച്ചത്തേങ്ങ സംഭരണം നടത്തുന്ന സംഘങ്ങൾ ഏതെല്ലാമാണെന്നു വ്യക്തമാക്കാമോ; | (ബി) | പാലക്കാട് ജില്ലയിൽ തൃത്താല സർവ്വീസ് സഹകരണ ബാങ്കിലൂടെയും ചുള്ളിമട, കൈരളി, ഇരുമ്പകച്ചോല എന്നീ മൂന്നു നാളികേര ഉത്പാദക സംഘങ്ങളിലൂടെയും പച്ചത്തേങ്ങ സംഭരണം നടത്തുന്നുണ്ട്. മാർക്കറ്റ്ഫെഡിനു കീഴിൽ പെരിങ്ങോട്ടുകുറിശ്ശി AMCS, ഇരുമ്പകചോല CPS, ചപ്പക്കാട് CPS, പൂക്കോട്ടുകാവ് CPS, മാലക്കുളം CPS, കാഞ്ഞിരപ്പുഴ CPS, പെരിയപതിക്കാട് CPS, ചെമ്മന്തോട് CPS, ശാന്തലിംഗനഗർ CPS എന്നീ സംഘങ്ങൾ പാലക്കാട് ജില്ലയിൽ പച്ചത്തേങ്ങ സംഭരണം നടത്തുന്നുണ്ട്. |
| (സി) | സംസ്ഥാനത്ത് 2012 ജനുവരി മുതൽ നവംബർ 30 വരെ എത്ര ടൺ പച്ചത്തേങ്ങ സംഭരിച്ചു എന്നു വ്യക്തമാക്കാമോ; | (സി) | കേരഫെഡ് മുഖാന്തിരം ആകെ 8900 ടൺ പച്ചത്തേങ്ങ 2012 നവംബർ 30 വരെ സംഭരിച്ചിട്ടുണ്ട്. ഈ കാലയളവിൽ മാർക്കറ്റ്ഫെഡ് 7412 ടൺ പച്ചത്തേങ്ങയാണ് സംഭരിച്ചിട്ടുള്ളത്. |
| (ഡി) | പ്രസ്തുത കാലയളവിൽ എത്ര ടൺ കൊപ്രയാണ് സർക്കാർ ഏജൻസികൾ മുഖേന സംഭരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (ഡി) | പ്രസ്തുത കാലയളവിൽ കേരഫെഡ് 9600 ടൺ കൊപ്രയും മാർക്കറ്റ്ഫെഡ് 6781 ടൺ കൊപ്രയും സംഭരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | കൃഷിഭവനുകൾ മുഖേന കർഷക രിൽ നിന്നും നാളികേരം സംഭരി ക്കുന്നതിന് ഉദ്ദേശമുണ്ടോ; എങ്കിൽ എന്നു മുതൽക്കാണ് നടപ്പിലാ ക്കുകയെന്നു വ്യക്തമാക്കാമോ ? | (ഇ) | സംസ്ഥാനത്ത് കൃഷി ഭവനുകൾ വഴി കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുന്നതിന്റെ ആദ്യപടിയായി പച്ച നാളികേരം സംഭരിക്കുന്ന പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**